ദേശാഭിമാനി
28 November 2020

# മീൻ വാങ്ങാം ലൈവായി

**കൊച്ചി**

കൂടുകൃഷിയിൽ വിളവെടുത്ത ജീവനുള്ള മീൻ ഹൈക്കോടതി ജങ്ഷനിലെ സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ലൈവ് ഫിഷ് കൗണ്ടറിലൂടെ വാങ്ങാം. കാളാഞ്ചി, കരിമീൻ, ചെമ്പല്ലി, തിലാപ്പിയ എന്നീ മീനുകളാണ് ലഭിക്കുന്നത്.

സിഎംഎഫ്ആർഐയിലെ കാർഷിക സാങ്കേതികവിദ്യാ വിവര കേന്ദ്രം (അറ്റിക്), എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം എന്നിവയുടെ സാങ്കേതിക സഹായത്തോടെ കൂടുമത്സ്യ കൃഷി നടത്തുന്ന കർഷകർക്കായാണ് സിഎംഎഫ്ആർഐ സ്ഥിരമായി ലൈവ് ഫിഷ് കൗണ്ടർ ഒരുക്കിയിരിക്കുന്നത്. കോവിഡ് സാഹചര്യത്തിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുകയാണ് ലക്ഷ്യം. മീൻകൃഷിയുടെ ഉൽപ്പാദനച്ചെലവിന്റെ 30 ശതമാനംവരെ ഇടനിലക്കാർ വരുന്നതോടെ കർഷകന് നഷ്ടമാകും. ഈ സാഹചര്യം ഒഴിവാക്കി പരമാവധി ലാഭം കർഷകനുതന്നെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒപ്പം ശുദ്ധമായ മീൻ



സിഎംഎഫ്ആർഐയിൽ ആരംഭിച്ച ലൈവ് ഫിഷ് കൗണ്ടറിൽനിന്നുള്ള ദൃശ്യം

ആവശ്യക്കാരിലേക്ക് എത്തുകയും ചെയ്യും. കൃഷിയിടങ്ങളിൽ നിന്ന് വിളവെടുക്കുന്ന മീൻ ഉടൻ വിറ്റഴിക്കുന്നതാണ് നിലവിലെ രീതി. എന്നാൽ, മീൻ ജീവനോടെ വിൽക്കുന്ന രീതി വിപണനത്തിൽ വൈവിധ്യമുണ്ടാക്കുമെന്നാണ് കർഷകരുടെ പ്രതീക്ഷ. പ്രവൃത്തിദിനങ്ങളിൽ രാവിലെ പത്തുമുതൽ രാത്രി ഏഴുവരെ ലൈവ് ഫിഷ് കൗണ്ടറിലൂടെ മീൻ വാങ്ങാം.

കർഷകർക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഫാം സ്റ്റോറും കർഷകരുടെമാത്രം ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഫാം ഷോപ്പിയും പ്രവർത്തിക്കും. ശീതീകരിച്ച ചക്കപ്പഴം, പച്ചച്ചക്ക, ചക്കക്കുരു, അരിഞ്ഞ് പാക്കറ്റിലാക്കിയ പച്ചക്കറികൾ, പഴങ്ങൾ, വീട്ടുവളപ്പുകളിൽ ഉൽപ്പാദിപ്പിക്കുന്ന കോഴി, കാട, താറാവ് മുട്ടകൾ, പാൽ, നെയ്യ്, മറയൂർ ശർക്കര, വെളിച്ചെണ്ണ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ഫാം ഷോപ്പിയിൽ ലഭിക്കും.